**കേരള സർക്കാർ**

സംഗ്രഹം

മലയാളം ഔദ്യോഗികഭാഷ - ധനകാര്യവകുപ്പിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള കോഡുകൾ, മാന്വലുകൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതു സംബന്ധിച്ച് - കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം-ബി) വകുപ്പ്**

സ.ഉ (കയ്യെഴുത്ത്) നം.413/2010/ധന. തീയതി, തിരുവനന്തപുരം, 27.07.2010.

പരാമർശം: 1. സ.ഉ (കയ്യെഴുത്ത്) നം.4854/02/ധന. തീയതി, 12.09.2002.
2. സ.ഉ (കയ്യെഴുത്ത്) നം. 295/03/ധന. തീയതി. 28.05.2003.
3. സ.ഉ (കയ്യെഴുത്ത്) നം.175/05/ധന. തീയതി 12.04.2005.
4. 01.03.2010-ൽ ചേർന്ന ഔദ്യോഗികഭാഷാ സംസ്ഥാനതല സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

ഭരണത്തിന്റെ എല്ലാതലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണം എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യവകുപ്പിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള വിവിധ കോഡുകളും, മാന്വലുകളും, ഫാറങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനും ധനകാര്യവകുപ്പിലെ സാങ്കേതികപദങ്ങൾ സമാഹരിച്ച് വകുപ്പുതല പദകോശം തയ്യാറാക്കുന്നതിനുമായി ധനകാര്യവകുപ്പ് സെക്രട്ടറി (എക്സ്പെൻഡിച്ചർ) ചെയർപേഴ്സൺ ആയി ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1. | അഡീഷണൽ സെക്രട്ടറി, (റൂൾസ്) | -മെമ്പർ & കൺവീനർ |
| 2. | അഡീഷണൽ സെക്രട്ടറി, (പ്ലാനിംഗ്) | -മെമ്പർ |
| 3. | അഡീഷണൽ സെക്രട്ടറി, (ഭരണം) | -മെമ്പർ |
| 4. | അഡീഷണൽ സെക്രട്ടറി, (സ്ട്രീംലൈനിംഗ്) | -മെമ്പർ |
| 5. | ജോയിന്റ് സെക്രട്ടറി, (പെൻഷൻ) | -മെമ്പർ |

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**കെ.എസ്. ലക്ഷ്മി റാണി,**
അഡീഷണൽ സെക്രട്ടറി (ധനകാര്യം).

പകർപ്പ്
അഡീഷണൽ സെക്രട്ടറി, (റൂൾസ്)/(പ്ലാനിംഗ്)/ (ഭരണം)/ (സ്ട്രീംലൈനിംഗ്).
ജോയിന്റ് സെക്രട്ടറി, (പെൻഷൻ)
എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പി.എ
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔ.ഭാ) വകുപ്പ്.
ധനകാര്യ (ഭരണം-എ, അക്കൗണ്ട്സ്.ബി,) വകുപ്പിന്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ